**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **24-02-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ ജവഹർ നവോദയ വിദ്യാലയം, എസ്.ആർ.വി.എൻ.എസ്.എസ്.എച്ച്.എസ്.എസ് ചിറക്കടവ് എന്നീ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; | (ബി) | ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്. ടി സൗകര്യമുള്ള സ്കൂളുകളെ വിദ്യാവനം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നു. ഫോറസ്ട്രി ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുകയും സ്കൂൾ മേലധികാരി സമ്മതം അറിയിക്കുകയും ചെയ്യുന്ന സ്കൂളുക ളാണ് വിദ്യാവനം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്നത്. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാരിന്റെ 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി 28 വിദ്യാവനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ